(സി) ഈ പ്രദേശത്ത് വ്യാജ പട്ടയത്തിന്റെ ബലത്തിൽ ഭൂമി കൈവശം വച്ചിട്ടുള്ളവർ എത്രപേർ ഉണ്ടെന്നറിയിക്കുമോ;

(ഡി) അവിടെയുള്ള വ്യാജ പട്ടയം കണ്ടുപിടിക്കുവാൻ എന്തെല്ലാം നടപടികളെടുത്തു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വാഗമൺ വില്ലേജിൽ റിക്കാർഡുകൾ പ്രകാരം 1877.2151 ഹെക്ടർ തരിശും 1440.400 ഹെക്ടർ പുറംപോക്കും ഉൾപ്പെടെ 3317.615 ഹെക്ടർ സർക്കാർ ഭൂമിയാണുള്ളത്.

(ബി) ഉണ്ട്. കയ്യേറ്റവും വ്യാജ പട്ടയവും സംബന്ധിച്ച് സ്പെഷ്യൽ ടീമിന്റെ നേതൃത്വത്തിൽ അന്വേഷണവും പരിശോധനയും നടത്തിവരുന്നു. ആയത് പൂർത്തിയായാലുടൻ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) പട്ടയ പരിശോധന വകുപ്പുതലത്തിലും വിജിലൻസ് തലത്തിലും നടന്നുകൊണ്ടിരിക്കുകയാണ്. ടി അന്വേഷണം പൂർത്തിയായാൽ മാത്രമേ വ്യാജ പട്ടയങ്ങളുടെ കണക്ക് വ്യക്തമാവുകയുള്ളൂ.

(ഡി) വ്യാജ പട്ടയങ്ങൾ കണ്ടെത്തുന്നതിനും പട്ടയങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിനും വേണ്ടി ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക ടീമിനെ നിയോഗിക്കുകയും ആയതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്. കൂടാതെ ഉന്നതാധികാര കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഈ പരിശോധനയ്ക്കു വേണ്ടി വാഗമൺ വില്ലേജിൽ സ്പെഷ്യൽ സർവെ ടീമിനെ വച്ച് റീസർവ്വെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. റീസർവ്വെ റിക്കാർഡുകളും പട്ടയഫയലുകളും കൈവശ സ്ഥലവുമായി ഒത്തുനോക്കി പരിശോധിച്ചുവരുന്നു. തെറ്റായ സർവ്വെ നമ്പർ രേഖപ്പെടുത്തിയ പട്ടയങ്ങൾ സംബന്ധിച്ച് മേൽ നടപടി സ്വീകരിക്കുന്നതിന് ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അട്ടപ്പാടിയിലുള്ള കാണ്ണക്കരയിലെ ഭൂമി കയ്യേറ്റം

26 [1318] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, എൻ. ഡി. അപ്പച്ചൻ:

,, എഴുകോൺ നാരായണൻ:

,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ പുതൂർ വില്ലേജിൽ കാണ്ണക്കരയിൽ തമിഴ്നാട്ടുകാർ ഭൂമി കയ്യേറി തേയില കൃഷി നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ സ്ഥലത്തെന്നും എത്ര കാലമായി ഇത് തുടരുന്നു എന്നും അറിയിക്കുമോ;

(സി) ഇവർ ഏതെങ്കിലും തരത്തിലുള്ള നികുതി ഒടുക്കുന്നുണ്ടോ എന്നറിയിക്കുമോ;

(ഡി) ഈ കയ്യേറ്റം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് എത്ര ഹെക്ടർ സ്ഥലത്ത് കയ്യേറ്റമുണ്ടെന്നും ആയതിന്റെ കാലപ്പഴക്കവും അറിയാൻ സംയുക്ത പരിശോധന നടക്കുകയാണ്.

(സി) 1970-71 മുതൽ പ്രസ്തുത കയ്യേറ്റക്കാരിൽ പലരും തോട്ടനികുതിയും ഭൂനികുതിയും അടച്ചു വന്നിരുന്നു. എന്നാൽ, പിന്നീട്, കൈവശക്കാരെ തോട്ട നികുതിയിൽ നിന്നും ഒഴിവാക്കിയതിനു ശേഷം ആരും നികുതിയൊന്നും തന്നെ ഒടുക്കിയിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നെടുമങ്ങാട് വില്ലേജിലെ പൊതുവഴി കയ്യേറ്റം

27 [1319] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ നെടുമങ്ങാട് വില്ലേജിൽ സർവ്വെ നമ്പർ 935/1 പ്രകാരമുള്ള വസ്തുവിന്റെ വിസ്തൃതി എത്രയാണ്;

(ബി) ഇത് പൊതുവഴിയാണോ; സ്വകാര്യ ഭൂമിയാണോ; സർക്കാർ പുറം പോക്കാണോ എന്ന് അറിയിക്കാമോ;

(സി) ഈ വസ്തു സമീപവാസി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് ഒഴിപ്പിച്ച് പൊതുവഴിയായി നിലനിർത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇത് സംബന്ധിച്ച് ആർ. ഡി. ഒ.-യ്ക്ക് പൊതുജനങ്ങൾ നൽകിയിട്ടുള്ള പരാതിയിൻമേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly